മാനം സേവനമേഖലയ്ക്കും 20-30 ശതമാനം ഉൽപ്പാദന മേഖലയ്ക്കും 10-35 ശതമാനം പശ്ചാത്തല മേഖലയ്ക്കും 5-10 ശതമാനം ചേരി പ്രദേശ വികസനത്തിനും വകയിരുത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി)&(സി) തൽക്കാലം ഇല്ല.

(ഡി) തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ജനകീയാസൂത്രണം ആരംഭിച്ചത്. അതിനാൽ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

93 (595) പഞ്ചായത്തുകളിൽ ഇന്റർനെറ്റ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതിലേക്കായി പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നുണ്ടോ;

(സി) കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന്റെ വെളിച്ചത്തിൽ പഞ്ചായത്തുകളിൽ എത്ര പേർ സയൻസ് ഗ്രാഡുവേറ്റുകളാണെന്ന കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലേയും രണ്ട് ജീവനക്കാർക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള ഹ്രസ്വകാലപരിശീലനം നൽകുന്നതാണ്.

(സി) ആസൂത്രണ ആവശ്യങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം ലഭിക്കേണ്ട ആൾ ശാസ്ത്ര ബിരുദധാരി ആയിരിക്കണമെന്ന് നിർബന്ധമില്ല.

94 (596) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കുവാനോ ഏതെങ്കിലും മുനിസിപ്പാലിറ്റി കോർപ്പറേഷനാക്കുവാനോ സർക്കാരിന് പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ കൊല്ലം, തൃശ്ശൂർ നഗരസഭകൾ കോർപ്പറേഷൻ ആക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

95 (597) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി

ശ്രീ. സി.റ്റി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly